പ്രസ്തുത ലൈസൻസികളെ ജി(1), ജി(2) എന്നീ വിഭാഗങ്ങളിലായി തരം തിരിച്ചുള്ള ഗ്രിഡ് താരിഫാണ് ഈടാക്കിയിരുന്നത്. ഈ നിരക്കുകൾ ചുവടെ ചേർക്കുന്നു :

	11 കെ. വി.		66 കെ. വി.		110 കെ. വി.	
	ജി	ജി	ജി	ജി	ജി	ജി
പ്രതിമാസ ഡിമാൻഡ് ചാർജ്ജ്(രൂപ കെ.വി.എ. ബില്ലിംഗ് ഡിമാന്റ്)	255	255	240	240	225	225
എനർജി ചാർജ്ജ് രൂപ/യൂണിറ്റ്	2.15	2.75	2.05	2.60	2.05	2.60

ഇവ 26-11-2007-ലെ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവിലൂടെ ബി ചോദ്യത്തിന്റെ ഉത്തരത്തോടൊപ്പം നൽകിയിട്ടുള്ള പട്ടിക പ്രകാരം 1-12-2007 മുതൽ പരിഷ്ക്കരിച്ചു.

(ഡി) ഉണ്ട്. 31-3-2010-ലെ കണക്കുകൾ പ്രകാരം ലൈസൻസികളുടെ കുടിശ്ശിക ചുവടെ ചേർക്കുന്നു :

ലൈസൻസി	രൂപ
1. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ, കൊച്ചി	3,33,42,745
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചി	64,67,135
3. കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻസ് കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ്, മൂന്നാർ	9,03,12,825
4. കിനെസ്കോ പവർ യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി	5,983
5. ടെക്നോപാർക്ക്, തിരുവനന്തപുരം	1,31,71,446
6. റബ്ബർ പാർക്ക് ഇന്ത്യ (പ്രൈവറ്റ്) ലിമിറ്റഡ്, കൊച്ചി	ഇല്ല
7. മിലിട്ടറി എഞ്ചിനീയറിംഗ് സർവ്വീസസ്, കൊച്ചി	ഇല്ല
8. തൃശ്ശൂർ കോർപ്പറേഷൻ, തൃശ്ശൂർ	ഇല്ല.

വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള അണക്കെട്ടുകളിലെ മണൽ നിക്ഷേപം

148 (4211) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അണക്കെട്ടുകളിൽ ഓരോന്നിലും മണൽ നിക്ഷേപം എത്ര അളവ് വീതം ഉണ്ടെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വർദ്ധിച്ച തോതിൽ മണൽ നിക്ഷേപം കണ്ടെത്തിയിട്ടുള്ള ഡാമുകൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ഡാമുകളിൽ നിന്ന് മണൽ വാരുന്നതുമൂലം ഡാമിനോ ജനങ്ങൾക്കോ പരിസ്ഥിതിക്കോ ഏതെങ്കിലും തരത്തിലുള്ള കോട്ടം സംഭവിക്കാൻ സാധ്യതയുണ്ടോ ; ഇത് സംബന്ധിച്ച വിദഗ്ദ്ധ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) മണൽ വാരൽ എന്നാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനോടകം ഏതെല്ലാം ഡാമുകളിൽ നിന്ന് മണൽ വാരിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) അണക്കെട്ടുകളിൽ മണൽ നിക്ഷേപത്തിന്റെ അളവ് കണ്ടെത്തുന്നതിനായുള്ള പ്രത്യേക പഠനം വൈദ്യുതി ബോർഡ് നടത്തിയിട്ടില്ല. ജലാശയങ്ങളിൽ മണ്ണടിയൽ മൂലൊന്നിരം സംഭരണശേഷിയിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് കണക്കാക്കാനായി 11 ഡാമുകളിൽ പഠനം നടത്തിയിട്ടുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇതുസംബന്ധിച്ച് വിദഗ്ദ്ധ പഠനം വൈദ്യുതി ബോർഡ് നടത്തിയിട്ടില്ല. എന്നാൽ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ വാരുന്നത് ഡാമിന്റെ സംഭരണശേഷി നിലനിർത്താൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഡാം നിർമ്മിച്ചപ്പോഴുണ്ടായിരുന്ന ശേഷിവരെ മണലും വെള്ളിയും വാരിമാറ്റുന്നത് മറ്റു പ്രശ്നങ്ങളുണ്ടാക്കാനിടയില്ല.

(ഡി) വൈദ്യുതി ബോർഡിന്റെ പരിധിയിൽനിന്നും ഡാമുകളിൽ നിന്ന് ഇതുവരെയും മണൽ ഖനനം നടത്തിയിട്ടില്ല.

2006-2010 കാലയളവിലെ കേരളത്തിന്റെ വൈദ്യുതോപഭോഗം

149 (4212) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോക്ക പാട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-10 വർഷത്തിൽ കേരളത്തിന്റെ വൈദ്യുതി ഉപഭോഗം മൊത്തം എത്ര യൂണിറ്റായിരുന്നു ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും കേന്ദ്ര പൂളിൽ നിന്നും ലഭിച്ച വൈദ്യുതി എത്ര യൂണിറ്റ് ആയിരുന്നു ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് ഈ കാലയളവിൽ വാങ്ങിച്ച വൈദ്യുതി എത്ര യൂണിറ്റ് ; വർഷവും യൂണിറ്റും ഏതു സംസ്ഥാനത്ത് നിന്നാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly